പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1637

18.06.2012-ൽ മറുപടിക്ക്

## കൊയിലാണ്ടിയിലെ ഫിഷിംഗ് ഹാർബറിന്റെ ബഡ്ജറ്റ് വിഹിതം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.ദാസൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരിക്കുന്ന ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ; | (എ) | കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരിക്കുന്ന മത്സ്യബന്ധന തുറമുഖത്തിന്റെ തെക്ക് ഭാഗത്തെ പുലിമുട്ട് 915 മീറ്ററും, വടക്കുഭാഗത്തെ പുലിമുട്ട് 1515 മീറ്ററും 19/03/2012-ൽ പൂർത്തീകരിച്ചിട്ടുണ്ട്. വാർഫിന്റെ നിർമ്മാണവും പൂർത്തിയായി. ലേലപ്പുരയുടെ റൂഫ് സ്ലാബ് നിർമ്മാണവും, റിക്ലമേഷൻ ബണ്ട് നിർമ്മാണവും പുരോഗമിച്ചു വരുന്നു. ഡ്രഡ്ജിംഗ് പ്രവൃത്തി പൂർത്തീകരിച്ച ശേഷം മറ്റ് അനുബന്ധ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയ്ക്കായുള്ള പ്രാരംഭ നടപടികൾ എന്ന് ഏത് സർക്കാരിന്റെ കാലത്താണ് ആരംഭിച്ചത് എന്ന് വ്യക്തമാക്കാമോ ; | (ബി) | കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ നിർമ്മാണ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 13-3-2000-ൽ 15 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ഈ പദ്ധതിയുടെ പഠനങ്ങൾ 2000-ൽ ആരംഭിച്ചു. 22-12-2005-ൽ പദ്ധതിയ്ക്കുള്ള ഭരണാനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചു. തുടർന്ന് മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന്റെ ശിലാസ്ഥാപനകർമ്മം ബഹു.മുൻ മുഖ്യമന്ത്രി ശ്രീ.വി.എസ് അച്യുതാനന്ദൻ 2006 ഡിസംബർ മാസം 17-ാം തീയതി നിർവഹിച്ചു. |

| | | | |
|---|---|---|---|
| (സി) | ഇതിനായി മൊത്തം എത്ര തുകയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളതെന്നും പ്രവൃത്തിയുടെ മൊത്തം എസ്റ്റിമേറ്റ് എത്രയാണെന്നും വ്യക്തമാക്കാമോ ? | (സി) | ഇത് 50% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഇതിലേയ്ക്കായി നബാർഡ് വിഹിതമായി 1772 ലക്ഷം രൂപ ചെലവഴിച്ചതിന് പുറമേ ബഡ്ജറ്റ് വിഹിതമായി 3022.69 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 11-07-2006 ൽ നൽകിയ ഭരണാനുമതി പ്രകാരം പദ്ധതി അടങ്കൽ തുക 3545 ലക്ഷം രൂപയാണ്. എന്നാൽ പ്രസ്തുത പദ്ധതിക്കുവേണ്ടി 5783 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പുതുക്കിയ പദ്ധതി രൂപരേഖ (കോംപ്രിഹെൻസീവ് റിപ്പോർട്ട്) കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ